# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2859 10.12.2014 ൽ മറുപടിയ്ക്ക്

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം<br><br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വർക്കല കഹാർ | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| എ) പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) നഴ്സറി തലം മുതൽ 10-ാം ക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സംഗ്രാന്റ് അനുവദിച്ചുവരുന്നു. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ നാലുവരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുവാനായി 2000/- രൂപ വീതം 2014-15 അധ്യയന വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്. വേടൻ, വേട്ടുവ, നായാടി, അരുന്ധതിയാർ, ചക്ലിയൻ എന്നീ വിഭാഗത്തിൽപ്പെടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സംഗ്രാന്റിന് പുറമേ പ്രതിമാസ സ്റ്റൈപ്പന്റ് കൂടി അനുവദിച്ചുവരുന്നു. 2012-13 വർഷം മുതൽ IX, X ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായ പദ്ധതി പ്രകാരം പ്രീ-മെട്രിക് സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു. ടി പദ്ധതി പ്രകാരം പ്രതിമാസം 150/- രൂപ ഡേ സ്കോളേഴ്സിനും, 350/- രൂപ ഹോസ്റ്റലേഴ്സിനും യഥാക്രമം 750/-, 1000/- രൂപ വീതം ബുക്ക്സിനും അഡ്ഹോക്ക് ഗ്രാന്റായി അനുവദിച്ചുവരുന്നു.<br>അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ X-ാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീഇംബേഴ്സ് ചെയ്തു നൽകുന്നു. അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നവർക്ക് യഥാർത്ഥ ഭക്ഷണച്ചെലവും, പോക്കറ്റ് മണിയായി 100/- രൂപയും അനുവദിച്ചു വരുന്നു. പ്രീ-മെട്രിക് പഠനത്തിന് ലംപ്സംഗ്രാന്റിനത്തിൽ നഴ്സറി സ്കൂൾ |

| | |
|---|---|
| | 100/- രൂപ, എൽ.പി. വിഭാഗം - 250/- രൂപ, യു.പി. വിഭാഗം - 500/- രൂപ, ഹൈസ്കൂൾ വിഭാഗം -- 750/- രൂപ എന്നീ നിരക്കിൽ അനുവദിച്ചു വരുന്നു.<br>പോസ്റ്റ് മെട്രിക് തലത്തിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 350/- രൂപ മുതൽ 2500/- രൂപ വരെ വ്യത്യസ്തനിരക്കിൽ ലംപ്സംഗ്രാന്റ് അനുവദിച്ചു വരുന്നു. 8 കി.മീ. നുള്ളിൽ താമസിക്കുന്നവർക്ക് 500/- രൂപ, 8 കി.മീ. വെളിയിൽ താമസിക്കുന്നവർക്ക് 600/- രൂപ എന്നീ നിരക്കുകളിൽ സ്റ്റൈപ്പന്റ് യഥാർത്ഥ ഭക്ഷണച്ചെലവും, പോക്കറ്റ് മണിയായി 100/- രൂപയും അനുവദിച്ചു വരുന്നു. അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നവർക്ക് യഥാർത്ഥ താമസ, ഭക്ഷണച്ചെലവും, പോക്കറ്റ് മണിയായി 150/- രൂപയും അനുവദിച്ചു വരുന്നു പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് സ്ഥാപനത്തോടു ചേർന്ന് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാതിരിക്കുകയും വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ അപേക്ഷിച്ചിട്ട് പ്രവേശനം ലഭിക്കാതിരിക്കുകയും വിദ്യാർത്ഥി സ്വന്തം നിലയിൽ പഠനം തുടരുകയുമാണെങ്കിൽ 1500/- രൂപ ബോർഡിംഗ് ഗ്രാന്റായി അനുവദിച്ചുവരുന്നു.<br>സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾ പ്രവേശന പരീക്ഷാകമ്മിഷണർ അലോട്ട് ചെയ്യുന്ന പ്രകാരം മെറിറ്റ്/റിസർവേഷൻ സീറ്റുകളിൽ പ്രവേശനം നേടുന്നവർക്കും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹെൽത്ത് സർവ്വീസ് ഡയറക്ടറേറ്റ്, നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്പെഷ്യൽ ഫീസ്, മെസ് ഫീസ് സർക്കാർ/സർക്കാർ ഏജൻസി യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു. |

| | |
|---|---|
| ബി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | ബി) സംസ്ഥാന പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/ മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിച്ചുകൊണ്ട് സ.ഉ. (കൈ) നം.06/2012/പജപവവിവ തീയതി 11.01.2012 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനായി 2011-12, 2012-13, 2013-14 വർഷങ്ങളിൽ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; | സി) |

| പോസ്റ്റ് മെട്രിക് സ്റ്റഡീസ് | പ്രീ-മെട്രിക് സ്റ്റഡീസ് |
|---|---|
| 2011 -12 - 14544 ലക്ഷം | 1672.78 ലക്ഷം |
| 2012-13 - 17544 ലക്ഷം | 2914.44 ലക്ഷം |
| 2013-14 - 18799 ലക്ഷം | 2987.65 ലക്ഷം |

IX,X ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്രധനസഹായമായി ചുവടെ പറയുന്ന നിരക്കിൽ തുക അനുവദിച്ചു നൽകിയിട്ടുണ്ട്.

2012-13 -- 16,53,52,700/-

2013-14 -- 19,32,00,000/-

| | |
|---|---|
| ഡി) 2013-14 സാമ്പത്തിക വർഷം യഥാസമയം അപേക്ഷകൾ സമർപ്പിച്ചതിൽ ഏതെങ്കിലും വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ടോ; എങ്കിൽ എത്ര പേർക്ക്? | ഡി) 2013-14 ൽ അപേക്ഷ സമർപ്പിച്ച 1,42,295 അപേക്ഷകളിൽ ന്യൂനതകളില്ലാത്ത 138198 പേർക്ക് ആനുകൂല്യം അനുവദിച്ച് നല്കിയിട്ടുണ്ട്. ശേഷിച്ച 4097 പേർക്ക് വിവിധ കാരണങ്ങളാൽ ആനുകൂല്യം വിതരണം ചെയ്തിട്ടില്ല. ന്യൂനത പരിഹരിച്ച് അപേക്ഷ കിട്ടുന്ന മുറയ്ക്ക് ആനുകൂല്യം അനുവദിച്ചു നൽകുന്നതാണ്. അപേക്ഷകരിൽ 97.12% പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്